ഭരണഭാഷ – മാതൃഭാഷ

നമ്പർ : OSL/ 25516 /2017/DSL.

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി : 12- 01- 2018.

# സർക്കുലർ

വിഷയം:- കേരള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്- ഒ.എസ്.എൽ വിഭാഗം - അനധികൃത എഴുത്ത് ലോട്ടറി നടത്തിപ്പ് ഉന്മൂലനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ലോട്ടറി ഏജന്റുമാരും, വിതരണക്കാരും വിൽപ്പനക്കാരുമടങ്ങുന്ന വിപണന ശൃംഖല പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

ലോട്ടറി വകുപ്പിന്റെ കാര്യക്ഷമവും വിജയകരവുമായ പ്രവർത്തനത്തിന് ഏജന്റുമാരും, വിതരണക്കാരും, വിൽപ്പനക്കാരുമടങ്ങുന്ന വിതരണ ശൃംഖല വഹിക്കുന്ന പങ്ക് വിസ്മരിക്കുവാൻ കഴിയുന്നതല്ല. എന്നിരുന്നാലും ലോട്ടറി വിൽപ്പനയുടെ ചുവട് പിടിച്ച് അശാസ്യകരമല്ലത്ത ചില പ്രവണതകൾ ചുരുക്കം ചില വിൽപ്പനക്കാരുടെ ഭാഗത്ത് നിന്നും സംഭവിക്കുന്നതായി ഈ ഓഫീസിൽ റിപ്പോർട്ടുകൾ ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ നിയമവിരുദ്ധ മാർഗ്ഗങ്ങളിലൂടെ അനധികൃത എഴുത്ത് ലോട്ടറി നടത്തുന്ന ഒരു ചെറു വിഭാഗം ലോട്ടറി വിൽപ്പനക്കാർക്കെതിരെ പോലീസ് കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ടെങ്കിലും മേൽ പറഞ്ഞവർക്ക് ലോട്ടറി ഓഫീസിലോ, ക്ഷേമനിധി ബോർഡിലോ രജിസ്ട്രേഷൻ നിലവിലില്ലാത്തതിനാൽ വകുപ്പിന് ഇവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകളേറെയാണ്. ലോട്ടറി വ്യവസായത്തെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന ഇത്തരം പ്രവർത്തനങ്ങളെ പൂർണ്ണമായും നിയന്ത്രിക്കേണ്ടതാണ്. ഇതുമൂലം സാധാരണക്കാരും, നിരാലംബരുമടങ്ങുന്ന ഭൂരിഭാഗം ഏജന്റുമാരുടെയും, വിൽപ്പനക്കാരുടെയും ജീവനോപാധി ചോദ്യചിഹ്നമാകുന്ന സാഹചര്യം സംജാതമാകാതിരിക്കണമെങ്കിൽ ലോട്ടറി ഏജന്റുമാരും, വിൽപ്പനക്കാരുമടങ്ങുന്ന വിതരണ ശൃംഖല ചുവടെ ചേർക്കുന്ന മാർഗ്ഗ. നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ലോട്ടറി വിപണനം, വിൽപ്പന, വിതരണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവർ ബന്ധപ്പെട്ട ജില്ലാ ലോട്ടറി ഓഫീസിൽ ലോട്ടറി ഏജന്റായോ, അതുമല്ലെങ്കിൽ ലോട്ടറി മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി രൂപീകൃതമായിട്ടുള്ള ക്ഷേമനിധി ബോർഡിന്റെ ജില്ലാ ആഫീസുകളിൽ അംഗമായോ രജിസ്റ്റർ ചെയ്യേണ്ടതും, കാലാകാലങ്ങളിൽ ഈ രജിസ്ട്രേഷൻ പുതുക്കി സൂക്ഷിക്കേണ്ടതുമാണ്.

2. ലോട്ടറി ഏജന്റുമാരിൽ നിന്നും ചില്ലറ വിതരണം, വിൽപന എന്നിവയ്ക്കായി ടിക്കറ്റുകൾ വാങ്ങുന്ന എല്ലാവരും തങ്ങൾ കേന്ദ്ര ലോട്ടറീസ് ആക്റ്റ്, ലോട്ടറി റെഗുലേഷൻ റൂൾസ്, കേരള പേപ്പർ ലോട്ടറീസ് റെഗുലേഷൻ റൂൾസ് എന്നിവയിലെ ചട്ടങ്ങൾക്കും, നിയമങ്ങൾക്കും അനുസൃതമായി മാത്രമേ ലോട്ടറി വിതരണം, വിൽപന എന്നിവയിൽ ഏർപ്പെടുകയുള്ളുവെന്ന് സൂചിപ്പിച്ച് ഒരു സമ്മതപത്രം ലോട്ടറി ഏജന്റുമാരുമായി ഒപ്പിടേണ്ടതും, ഈ സമ്മതപത്രം ബന്ധപ്പെട്ട ഏജന്റ് തന്റെ കടയിൽ സൂക്ഷിക്കേണ്ടതുമാണ്.
3. ലോട്ടറി വിതരണം, വിൽപന എന്നിവയ്ക്കായി രജിസ്ട്രേഡ് ഏജന്റുമാരിൽ നിന്നും ടിക്കറ്റുകൾ വാങ്ങുന്ന എല്ലാവരും ക്രമനമ്പർ (1) പ്രകാരമുള്ള നിർദ്ദേശം പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും, അത്തരക്കാരല്ലാത്തവരോട് ഭാവിയിൽ ടിക്കറ്റുകൾ വിതരണത്തിനും, വിൽപനയ്ക്കുമായി ലഭ്യമാകണമെങ്കിൽ മേൽ രജിസ്ട്രേഷന്റെ ആവശ്യകത ബോധ്യപ്പെടുത്തേണ്ടതുമാണ്.

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ

പകർപ്പ് : - 1) എല്ലാ ജില്ലാ/സബ് ഭാഗ്യക്കുറി ഓഫീസർമാർക്കും
2) പകർപ്പ് ഫയൽ

dt